## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 477**
**29-11-2018-ലെ മറുപടിയ്ക്ക്**

## സാലറി ചലഞ്ച്

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്തുണ്ടായ പ്രളയത്തോടനുബന്ധിച്ച് നടത്തിയ സാലറി ചലഞ്ചിൽ പങ്കെടുത്ത സർക്കാർ ജീവനക്കാരുടെ എണ്ണമെത്രയെന്ന് വെളിപ്പെടുത്തുമോ; | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%).<br>സെപ്തംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്. |
| ബി) ഇതിൽ കോടതിവിധിക്ക് ശേഷം സമ്മത പത്രം നൽകാതെ പിന്മാറിയ ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | ഒക്ടോബർ 2018 ലെ ശമ്പളത്തിൽ സാലറി ചലഞ്ചിൽ നിന്നും പിൻമാറിയവരും പുതിയതായി സാലറി ചലഞ്ചിൽ പങ്കുചേർന്നവരുമുണ്ട്. ഇത് സംബന്ധമായ കണക്കുകൾ പൂർണ്ണമായും ക്രോഡീകരിക്കപ്പെട്ടിട്ടില്ല. |
| സി) സാലറി ചലഞ്ചിന്റെ പേരിൽ സമ്മതപത്രം കൂടാതെ ജീവനക്കാരുടെ ശമ്പളം പിടിച്ച നടപടി നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; സമ്മതപത്രം കൂടാതെ ജീവനക്കാരിൽ നിന്നും പിടിച്ച തുക തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ; | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് നിലവിൽ സമ്മതപത്രം വാങ്ങിയാണ് തുക ഈടാക്കുന്നത്. |
| ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഇഷ്ടമുള്ള തുക ഡി.ഡി.ഒ.മാർ മുഖേന സംഭാവന ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് കോടതി വിധിക്ക് വിരുദ്ധമാകുമെന്ന് കരുതുന്നുണ്ടോ; | ജീവനക്കാർക്ക് ഇഷ്ടമുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ടും ഒരുമാസത്തെ ആകെ ശമ്പളം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളത്തിൽ നിന്ന് സ്പാർക്ക് വഴിയും നല്കാവുന്നതാണ്. ഈ ക്രമീകരണത്തിൽ കോടതി വിധിക്ക് എതിരായ ഒന്നും ഉൾക്കൊണ്ടിട്ടില്ല. |
| ഇ) ഇപ്രകാരം പിരിച്ചെടുക്കുന്ന തുക മുഴുവനും പ്രളയ ദുരിതാശ്വാസത്തിനു വേണ്ടിത്തന്നെ ഉപയോഗപ്പെടുത്തുമെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ജീവനക്കാരിൽ നിന്നും സാലറി ചലഞ്ച് വഴി ലഭ്യമാകുന്ന തുകകൾ പ്രത്യേകമായി അനുവദിച്ചിട്ടുള്ള ട്രഷറി STSB അക്കൌണ്ടിലാണ് വരവ് ചെയ്യുന്നത്. റവന്യു വകുപ്പിന്റെ ഉത്തരവിനനുസൃതമായി ഇത്തരത്തിൽ ലഭ്യമാകുന്ന തുകകൾ പ്രളയദുരിതാശ്വാസത്തിനും ബന്ധപ്പെട്ടുള്ള വിവിധ ആവശ്യങ്ങൾക്കുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ട്രഷറി പബ്ലിക് |

| | |
|---|---|
| | അക്കൌണ്ടായ TPA-80ൽ നിന്നും വിവിധ ജില്ലകൾക്ക് അനുവദിക്കുന്നു. ഇങ്ങനെ അനുവദിക്കുന്ന ഫണ്ടുകളുടെയും ലഭ്യമാകുന്ന സംഭാവനകളുടെയും വിവരങ്ങൾ C-Dit ന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നു. |

B Nizhat

സെക്ഷൻ ഓഫീസർ

30/11/18